<u>മി.സ്പീക്കർ</u> : ഓർഡർ........... ഓർഡർ............ ചോദ്യം നമ്പർ *61

<u>ജലപാതാ വികസനം</u>

1 (*61). <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u>
<u>ശ്രീ. പി. കെ. ഗുരുദാസൻ:</u>
<u>ശ്രീ. ഇ. പി. ജയരാജൻ:</u>
<u>ശ്രീമതി കെ. കെ. ലതിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നടത്തിയ ജലപാതാ വികസനം വിശദമാക്കാമോ;

(ബി) കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസന പുരോഗതി അറിയിക്കുമോ;

(സി) കൊല്ലം-കോട്ടപ്പുറം ദേശീയജലപാതാ നിർമ്മാണം 2013-14-ൽ പൂർത്തിയാക്കുമെന്ന് പ്രാഖ്യാപിച്ചിരുന്നത് നടപ്പിലായോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) ദേശീയ ജലപാതയ്ക്കായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയെന്നും ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ,

(എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി.മീ ദൈർഘ്യം ഉണ്ട്. കൂടാതെ ചമ്പക്കരകനാൽ (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ 205 കി.മീ ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കൊല്ലം - ചവറ ഭാഗങ്ങളിൽ (2.75 കി.മീ) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) നീക്കം ചെയ്യുന്നതിന് Ambhibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുവരുന്നു. കായംകുളം കായലിൽ 2 കി.മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാധ്യമാണ്. ഈ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ലൈസൻസില്ലാത്ത ചീനവലകൾ ജൂലൈ മാസത്തോടുകൂടി നീക്കം ചെയ്ത് എത്രയും വേഗം ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കൂടാതെ ഈ സർക്കാരിന്റെ കാലയളവിൽ നബാർഡ്, 13-ാം

ധനകാര്യകമ്മീഷൻ, സ്റ്റേറ്റ് ഫണ്ട് 12-ാം ധനകാര്യകമ്മീഷൻ, എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ജലപാതാ വികസനത്തിനായി പുതിയ പ്രവൃത്തികൾ ആവിഷ്കരിക്കുന്നതിനും, ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ജലപാതകളിൽ ആഴം കൂട്ടൽ, പാർശ്വഭിത്തി നിർമ്മാണം, ഫെൻസിംഗ് എന്നീ പ്രവൃത്തികളും, പുതുതായി നിർമ്മിക്കുന്ന ജലപാതകൾ ദേശീയ ജലപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിനുമുള്ള നടപടികളാണ് നടത്തിവരുന്നത്. ജലപാതകളുടെ ഇരുവശങ്ങളിലുമുള്ള കൈയ്യേറ്റങ്ങൾ ഒഴിവാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) <u>കോവളം- കൊല്ലം</u>

കോവളം മുതൽ ആക്കുളം വരെയുള്ള പാർവ്വതി പുത്തനാറിന്റെ വികസനത്തിനായി 2014-15 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 7.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ 1.41 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ച കഴിഞ്ഞു. കഠിനംകുളം നടയറ ഭാഗത്ത് സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണവും ഉൾപ്പെടെയുള്ള പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. വർക്കല തുരങ്കങ്ങളുടെയും അവയിൽ ഉൾപ്പെടുന്ന

കനാലുകളുടെയും നവീകരണത്തിനും മറ്റുമായി 27 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള ഭാഗത്ത് 7.86 കി.മീ നീളമുള്ള കൊല്ലം തോടിന്റെ പുനരുദ്ധാരണം 6 ഭാഗങ്ങളിലായി നടപ്പാക്കാനുള്ളതിൽ ആദ്യഭാഗമായ 2 കി.മീ.ഭാഗത്ത് ആഴംകൂട്ടൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 5.86 കി.മീ. ഭാഗത്തിൽ 3.5 കി.മീ. നീളത്തിൽ ആഴംകൂട്ടൽ, പാർശ്വഭിത്തി സംരക്ഷണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു.

(കോട്ടപ്പുറം -നീലേശ്വരം)

<u>പി. സി. കനാൽ (പൊന്നാനി - ചേറുവ)</u>

79 കി.മീ. ദൈർഘ്യമുള്ള പാതയിൽ, 1.32 കി.മീ നീളം 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 83% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 8 കി.മീ. നീളം 12-ാം ധനകാര്യകമ്മീഷനിൽ പൂർത്തീകരിച്ചിട്ടുണ്ട്.

<u>(താനൂർ - കൂട്ടായി കനാൽ)</u>

18 കി.മീ.ദൈർഘ്യമുള്ള ഈ ഭാഗത്ത് 1.32 കീ.മീ.നീളത്തിൽ വീതികൂട്ടൽ, ആഴംകൂട്ടൽ, പാർശ്വഭിത്തി സംരക്ഷണം എന്നീ പ്രവൃത്തികൾ 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. 0.96 കി.മീ.ഭാഗത്ത്

പ്രവൃത്തികൾ സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 98% പൂർത്തീകരിച്ചു.

(ബി.കെ.കനാൽ)

9.3 കി.മീ. ദൈർഘ്യമുള്ള കനാലിന്റെ 3.5 കി.മീ നീളത്തിൽ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും നബാർഡ് - 19 ൽ ഉൾപ്പെടുത്തി 2 റീച്ചുകളിലായി നടന്നു വരുന്നു.

(ഇ.കെ.കനാൽ)

11.2 കി.മീ നീളത്തിലുള്ള ഈ കനാലിന്റെ 8.8 കി.മീ നീളത്തിൽ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണവും നബാർഡ്- 17 ൽ ഉൾപ്പെടുത്തി 85% പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(വടകര – മാഹി കനാൽ)

17.61 കി.മീ നീളമുള്ള കനാലിൽ നബാർഡ്, 13-ാം ധനകാര്യകമ്മീഷൻ, സംസ്ഥാന ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 116.25 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 99 കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.

(മാഹി-വളപട്ടണം)

മാഹി മുതൽ വളപട്ടണം വരെയുള്ള കനാലിൽ പുതുതായി കനാൽ

നിർമ്മിക്കുവാനുള്ള ഭാഗത്തിന്റെ അലൈൻമെന്റ് ദേശീയ ജലപാതാ നിലവാരത്തിൽ അംഗീകരിച്ച് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പര്യവേക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ കോട്ടപ്പുറം-നീലേശ്വരം പാത കാസർഗോഡ് വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ പഠനങ്ങളും നടന്നു വരുന്നു.

വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി 422 കി.മീ. നീളം വരുന്ന സംസ്ഥാന ജലപാതയുടെ ഏകദേശം 150 കി.മീ വിവിധ ഭാഗങ്ങളിലായി ഗതാഗതയോഗ്യമാണ്. 82 കി.മീ. ദൂരം പ്രവൃത്തികൾ പുരോഗമിച്ചും വരുന്നു.

(സി) ദേശീയജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴംകൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും, കൊല്ലം-ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ - 502, ലൈസൻസില്ലാത്തവ -422) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, IWAI അധികൃതർ ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നി വലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAI- ക്ക് നടത്തുവാൻ വിഘാതമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്കും സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

31.03.2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായിവരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ 422 കിലോമീറ്റർ നീളം വരുന്ന സംസ്ഥാന ജലപാതയിൽ ഏകദേശം 150 കിലോമീറ്റർ വിവിധഭാഗങ്ങളിലായി ഗതാഗതയോഗ്യമാണെന്ന് പറയുന്നു. അത് ഗതാഗതയോഗ്യമാണെന്നുള്ളതിന് തെളിവ് കിട്ടിയിട്ടുണ്ടോ; തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാത സഞ്ചാരയോഗ്യമാക്കുന്നതിന് നാറ്റ്പാക്, റിറ്റ്സ്, ഇറിഗേഷൻ വകുപ്പ് എന്നിവർ ചേർന്ന് പഠനം നടത്തി 2088 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആ പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആ പദ്ധതി നിലവിലുണ്ടോ; ആ പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമാണോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 422 കിലോമീറ്ററിൽ 150 കിലോമീറ്റർ ദൂരം

നദികളും കായലുകളുമായതിനാൽ അവിടെ തടസ്സങ്ങളില്ല. ബാക്കിയുള്ള കുറച്ചു ഭാഗം അൺകട്ട് പോർഷൻസ് ഉണ്ട്. വടകര മാഹി കനാലിന് 116 കോടി രൂപയായിരുന്നു എസ്റ്റിമേറ്റ്, അതിൽ 99 കോടി രൂപ ഘട്ടം ഘട്ടമായി ചെലവഴിച്ചുകഴിഞ്ഞു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ ചോദിച്ചത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാത സഞ്ചാരയോഗ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതി നിലവിലുണ്ടോ എന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞില്ല. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന പി.സി കനാൽ (പൊന്നാന്നി-കനോലി കനാൽ) ദേശീയപാതയായി പ്രഖ്യാപിച്ചത് ഈ അടുത്ത കാലത്താണ്. ഇതിന്റെ ഭാഗമായി ഇതിനു കുറുകെ പണിയുന്ന റെഗുലേറ്ററുകൾ, പാലങ്ങൾ, ലോക്ക്ഡാം ഇവയുടെയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. അത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; പുതുതായി വീതികൂട്ടി പണിയേണ്ട റെഗുലേറ്ററുകൾക്കാവശ്യമായ പണം മാറ്റി വച്ചിട്ടുണ്ടോ; ആ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇതിൽ ദേശീയ ജലപാതയായി അംഗീകരിച്ചിട്ടുള്ള 205 കിലോമീറ്ററിൽ (കൊല്ലം, കോട്ടപ്പുറം 168 കിലോമീറ്ററും ബാക്കിയുള്ള 2 പോർഷനും) കേന്ദ്രഗവൺമെന്റാണ് പണം ചെലവാക്കുന്നത്.

ബാക്കിയുള്ളവ ധനകാര്യകമ്മീഷന്റെയും നബാർഡിന്റെയും സഹായത്തോടുകൂടിയാണ് പണികൾ നടക്കുന്നത്. കനോലി കനാലിന്റെ ചില ഭാഗങ്ങളിൽ പണികൾ നടക്കുന്നു. ബാക്കിയുള്ളവ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത 2014-ൽ ഉദ്ഘാടനം ചെയ്യപ്പെടുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊല്ലത്തുവന്ന് പ്രഖ്യാപിച്ചത്. 2015-ൽ ഉദ്ഘാടനം നടത്തുമെന്ന് പിന്നീട് അദ്ദേഹംതന്നെ പറഞ്ഞു. 2015 ആദ്യം കൊല്ലം-കോട്ടപ്പുറം ജലപാത ആരംഭിക്കുമെന്ന് Inland Waterways Authority of India അറിയിച്ചതായി 2014 ജൂണിൽ നൽകിയ അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. പക്ഷേ അതൊന്നും നടന്നിട്ടില്ല. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ മുതൽ ഇരവിപുരം കായൽ വരെയുള്ള സ്ഥലം 7.8 കിലോമീറ്ററാണ്. ഇതിൽ കുറച്ചുഭാഗം ഡ്രഡ്ജ് ചെയ്തു എന്നുപറയുന്നത് ഒരർത്ഥത്തിൽ ശരിയാണ്. എന്നാൽ ആ തോടിന്റെ തീരത്ത് താമസിച്ചിരുന്ന ആയിരത്തിലധികം കുടുംബങ്ങളിൽ മഹാഭൂരിപക്ഷവും പുനരധിവസിക്കപ്പെട്ടു. അവിടെ രണ്ട് റീച്ചുകളാണുള്ളത്. അതിൽ ഒരു റീച്ച് എന്റെ മണ്ഡലത്തിലും മറ്റൊന്ന് ശ്രീ. എ. എ. അസീസ് എം.എൽ.എ.-യുടെ മണ്ഡലത്തിലുമാണ്. എന്റെ മണ്ഡലത്തിൽ വരുന്ന റീച്ചിൽ ഇനി 15 കുടുംബങ്ങൾ മാത്രമേ ഒഴിഞ്ഞുപോകാനുള്ളൂ.

റവന്യൂ, ഇറിഗേഷൻ എന്നീ ഡിപ്പാർട്ടുമെന്റുകൾ മുൻകയ്യെടുത്ത് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ആ റീച്ചിലെ പണിയെങ്കിലും നടക്കും. യഥാർത്ഥത്തിൽ രണ്ടുവർഷം മുമ്പാണ് ഡ്രഡ്ജിംഗ് വർക്ക് നടന്നത്. വർക്ക് ഏറ്റെടുത്തിരിക്കുന്ന Construction Corporation ശരിയായ രീതിയിൽ ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ല. Inland navigation, revenue എന്നീ ഡിപ്പാർട്ടുമെന്റുകളൊന്നും ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ല. അവിടെയുള്ള പതിനഞ്ച് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ വർക്കുകൾ പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, 205 കിലോമീറ്ററിൽ ഇനി പൂർത്തിയാക്കാനുള്ളത് കൊല്ലം -ചവറ ഭാഗങ്ങളിലെ 2.75 കിലോമീറ്റർ, കായംകുളം ഭാഗത്തെ 2 കിലോമീറ്റർ, ആലപ്പുഴ സീറോ ജെട്ടി ഭാഗത്തെ 400 മീറ്റർ എന്നിങ്ങനെയാണ് പൂർത്തിയാക്കാനുള്ളത്. ആദ്യഭാഗത്ത് കാണുന്നത് വളരെ കട്ടികൂടിയ പ്രതലമാണ്. അത് ചിപ്പ് ചെയ്താണ് മാറ്റുന്നത്. ഈ മൂന്നു പ്രദേശങ്ങളിലും വൺവേ ഗതാഗതം ആകാം. 5 കിലോമീറ്റർ കൂടി രണ്ടുവരിയാക്കാനുള്ള കാലതാമസമാണുള്ളത്. അതിന്റെ പണികൾ പുരോഗമിക്കുന്നു. അതുപോലെ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ

പൂർത്തിയാക്കാനുണ്ട്. അത് ത്വരിതപ്പെടുത്താൻ ശ്രമിക്കാം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ജലപാതയാണ് സഞ്ചാരപഥത്തിനും സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനുമുള്ള ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗം. കേരളത്തിലെ പ്രധാനപ്പെട്ട ജലപാതകളെല്ലാം സഞ്ചാരയോഗ്യമാക്കി തീർക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി 348 കിലോമീറ്റർ ദൈർഘ്യമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയുടെ ടെർമിനലുകൾ നിർമ്മിക്കുന്നതിനും സഞ്ചാരയോഗ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ എവിടംവരെയെത്തി; എപ്പോൾ ആ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കും; ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേക തടസ്സങ്ങൾ വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ഭാഗങ്ങളിൽ കുറച്ച് uncut portion ഉണ്ട്. ഏതാണ്ട് 27 കിലോമീറ്റർ ഭാഗത്ത് കനാൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അതിൽ ഈ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും വലിയ പുരോഗതി കൈവരിച്ചത് വടകര-മാഹി കനാലാണ്. 116 കോടി രൂപയ്ക്ക് സാങ്ഷൻ കൊടുത്തു. 99 കോടി രൂപയുടെ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഈ പോർഷനുംകൂടി ദേശീയ ജലപാതയുടെ ഭാഗമാക്കി മാറ്റണം എന്നുതന്നെയാണ്

ഗവൺമെന്റിന്റെ അഭിപ്രായം. ധനകാര്യ കമ്മീഷന്റേയും നബാർഡിന്റേയും അവാർഡുകൾ വഴി പണികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. കെ. ലതിക: സർ, വടകര-മാഹി കനാലിന് അനുവദിച്ച 116 കോടി രൂപയിൽ 99 കോടി രൂപ ചെലവഴിച്ചതായി അങ്ങയുടെ ഉത്തരത്തിൽ പറഞ്ഞു. വടകര-മാഹി കനാലിന്റെ ആദ്യ റീച്ചിൽ വരുന്ന മാങ്ങാമുഴി മുതൽ കന്നിനട വരെയുള്ള ഭാഗത്തെ മണ്ണ് പശിമരാശിയുള്ള പ്രത്യേകതരം മണ്ണാണ്. ആ മണ്ണെടുത്ത് കരയിലിട്ടുകഴിഞ്ഞാൽ ചെടികൾ മുഴുവൻ ഉണങ്ങിപ്പോകും. മണ്ണിന് വില നിശ്ചയിച്ചുകൊണ്ടാണ് കോൺട്രാക്ടർമാർക്ക് നൽകിയത്. അവർ പണം ഗവൺമെന്റിലേയ്ക്ക് അടച്ചിട്ടുണ്ട്. പക്ഷേ മണ്ണ് ആരും വാങ്ങാൻ തയ്യാറല്ല എന്നുമാത്രമല്ല ഈ മണ്ണ് കരയ്ക്കെടുത്തിട്ടുകഴിഞ്ഞാൽ കനാൽതന്നെ താഴ്ന്നുപോകുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ടുതന്നെ പണി പകുതിവഴിയിൽ നിൽക്കുകയാണ്. ഈ കനാലിന്റെ ഇരുഭാഗവും കെട്ടുന്നതിനുവേണ്ടി പുതിയ പദ്ധതി തയ്യാറാക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. അത് കനാലിന്റെ വീതി നേർപകുതിയായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. എങ്ങനെയാണ് പണി പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്; അതുപോലെ നീക്കം ചെയ്ത മണ്ണ് കരയിലേയ്ക്കിട്ടതുമൂലം കൃഷിക്കാർക്ക് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. പരിസര

പ്രദേശങ്ങളിലുള്ള വയലുകൾ മുഴുവൻ നികന്നുപോയിട്ടുണ്ട്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നുള്ളതാണ് ഒരു കാര്യം. മറ്റൊന്ന് കനാൽ കടന്നുപോകുന്ന വഴികളിലെല്ലാം പാലങ്ങൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഒരു പാലത്തിന്റെ പണിപോലും ഇതുവരെ തുടങ്ങിയിട്ടില്ല. കനാൽ ഗതാഗത യോഗ്യമാണ് എന്നുപറയുമ്പോഴും യഥാർത്ഥത്തിൽ ഗതാഗത യോഗ്യമായിട്ടില്ല. മഴ വന്നുകഴിഞ്ഞാൽ കനാൽതന്നെ തൂർന്നുപോകുന്ന അവസ്ഥയുണ്ട്. കനാലിന്റെ ഇരുഭാഗത്തും റോഡുണ്ടാക്കുന്നതിനുവേണ്ടി ജനങ്ങളിൽനിന്നും പൈസയൊന്നും കൊടുക്കാതെയാണ് ഭൂമി വാങ്ങിയിട്ടുള്ളത്. ആ സ്ഥലവും നികന്നുപോകുന്ന അവസ്ഥയുണ്ട്. അതേസമയം കനാലിനുവേണ്ടി അനുവദിച്ചതിൽ 99 കോടി രൂപയും ചെലവഴിച്ചുകഴിഞ്ഞു. വളരെ കുറച്ചുതുക മാത്രമേ ഇനി ബാക്കിയുള്ളു. ഈ തുകകൊണ്ട് വർക്ക് തീരില്ല എന്നുമാത്രമല്ല ഇനിയൊരു 116 കോടി രൂപകൂടി ഉണ്ടെങ്കിൽ മാത്രമേ വർക്ക് പൂർത്തിയാകൂ. 1957-ലെ സർക്കാർ ഭൂമി മുഴുവൻ ഏറ്റെടുത്തതും അതുപോലെതന്നെ ഒരിഞ്ച് ഭൂമിയും...........

മി. സ്പീക്കർ: ശ്രീമതി കെ. കെ. ലതിക.... പ്ലീസ്...........പ്ലീസ്..........

ശ്രീമതി കെ. കെ. ലതിക: ഞാനിതൊന്ന് പറഞ്ഞോട്ടെ. ഞാൻ ഒരിക്കലും ചോദ്യങ്ങൾ വിശദമായി ചോദിക്കാറില്ല. ഇതൊരു ഗൗരവമായ

ചോദ്യമായതുകൊണ്ടാണ്. ഇത് എനിക്ക് ഉന്നയിച്ചേ മതിയാകൂ.

മി. സ്പീക്കർ: ചോദ്യോത്തര സമയമാണ്. ചോദ്യം ചോദിക്കുന്നതിന് ഇത്രയും സമയം എടുക്കാമോ; ഇത് സബ്മിഷനായി ഉന്നയിക്കേണ്ടതായിരുന്നു.

ശ്രീമതി കെ. കെ. ലതിക: ഇത് കനാലിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്. ബാക്കി പണം ഉപയോഗിച്ച് പണി എങ്ങനെയാണ് തീർക്കുന്നത് എന്നുള്ള കാര്യം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. അതിനാവശ്യമായ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, പലപ്പോഴും വർക്ക് നടന്നുകൊണ്ടിരിക്കുമ്പോൾ അപ്രതീക്ഷിതമായ പ്രശ്നങ്ങളുണ്ടായാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരും. അക്കാര്യം പ്രത്യേകമായി ആലോചിക്കാം. മണ്ണ് നിക്ഷേപിക്കുന്നതിന് പ്രത്യേക സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ട്. തീർച്ചയായും കൃഷിക്കാർക്ക് ദൂഷ്യമില്ലാത്ത രീതിയിൽ അതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും പ്രത്യേകം ശ്രമിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കൊല്ലം-കോട്ടപ്പുറം ജലപാത ഊന്നിവലകളും ചീനവലകളുമൊക്കെയായി നിരവധി മത്സ്യത്തൊഴിലാളികൾ ഉപജീവനം നടത്തിവരുന്ന സ്ഥലമാണ്. അവരുടെ ഊന്നിവലകളും ചീനവലകളും നീക്കം ചെയ്യുകയുണ്ടായി. ഇവർക്ക് മതിയായ പണം ആയിരുന്നില്ല ആദ്യം

നിശ്ചയിച്ചിരുന്നത്. ഇതൊരു ജീവിത മാർഗ്ഗമാണ്. പലരും വിവാഹത്തിന് സ്ത്രീധനമായി നൽകുന്നതുപോലും ഊന്നിവലകളാണ്. ഒരു കുടുംബത്തിന്റെ പരമ്പരാഗത ജീവിത മാർഗ്ഗങ്ങളാണ് ഊന്നിവലകളും ചീനവലകളും. അവ നീക്കം ചെയ്തയിനത്തിൽ ഇനിയും തുക നൽകാനുണ്ട്. എത്ര രൂപ കുടിശ്ശികയുണ്ടെന്ന് അറിയണം. രജിസ്റ്റർ ചെയ്യാത്ത ഊന്നിവലകളും ചീനവലകളുമുണ്ട്. രജിസ്റ്റർ ചെയ്യാത്തവർക്കുകൂടി പൈസ കൊടുക്കണം. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ ഇടപെടലുകൾ കൂടി ഉണ്ടാകണം. കുടിശ്ശിക എന്ന് കൊടുത്തുതീർക്കും; രജിസ്റ്റർ ചെയ്യാത്തവർക്കുകൂടി പണം നൽകുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി ആകെ 944 ചീനവലകളാണുള്ളത്. അതിൽ ലൈസൻസ് ഉള്ളവ 502 ഉം ലൈസൻസ് ഇല്ലാത്തവ 442 ഉം ആണ്. ഇതിൽ 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്നത് 74 വലകൾ മാത്രമാണ്. സംസ്ഥാന സർക്കാർ കൊടുക്കാനുള്ള 12.4 കോടി രൂപ കൊടുത്തുകഴിഞ്ഞു. 5.5 കോടി രൂപയാണ് ഇനി കൊടുക്കാനുള്ളത്. ഈ 74 ചീനവലകൾക്കും ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കിയിട്ടുണ്ട്. ഇതിനായി 28 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വല നീക്കം ചെയ്യുന്നതിന് ഒരു ലക്ഷം രൂപയാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഈ വല നീക്കം ചെയ്യുന്നവരുടെ ബുദ്ധിമുട്ട് കണക്കിലെടുത്തതുകൊണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുചേർത്തതിന്റെയടിസ്ഥാനത്തിലും രണ്ടര ലക്ഷം രൂപ ലൈസൻസുള്ള വലകൾക്കും ലൈസൻസ് ഇല്ലാത്ത വല ഉടമസ്ഥർക്ക് ഒന്നേകാൽ ലക്ഷം രൂപയും കൊടുക്കാൻ തീരുമാനമുണ്ടായി. അതിന്റെ കണക്കുകൾ ഇവിടെ വായിക്കുകയുണ്ടായി. കേസ്സുകളിൽപ്പെട്ട കുറച്ചുവലകൾ മാത്രമാണ് ഇനി നീക്കം ചെയ്യാനുള്ളത്. ഹരിപ്പാട് നിയോജക മണ്ഡലത്തിൽവരുന്ന കുറച്ചു പ്രദേശങ്ങളിലെ വല നീക്കം ചെയ്യുന്നതിന് ഒരു പാക്കേജ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെയും ഉത്തരവായിട്ടുണ്ട്. സർക്കാരിന് കുറച്ച് പൈസയുടെ കുടിശ്ശികയുമുണ്ട്. അത് എത്രയുംവേഗം കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എം. ആരിഫ്: സർ, ജലപാത വരുന്നതോടുകൂടി ഇപ്പോൾ തീരപ്രദേശങ്ങളെല്ലാം തന്നെ മണ്ണിടിഞ്ഞും ബലമില്ലാത്തതുകൊണ്ടും നഷ്ടമായി കൊണ്ടിരിക്കുകയാണ്. സ്വാധീനമുള്ള ചില ആളുകൾ കായൽ കയ്യേറിയും ബണ്ടുകൾ

നികത്തിയും കല്ലുകെട്ടിയും തീരപ്രദേശങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ജലപാതയുടെ ഇരുകരയുടെയും തീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ധാരാളം പണം ചില സ്ഥലങ്ങളിലൊക്കെ ചെലവഴിക്കുന്നുണ്ട്. വേലിയേറ്റ സമയത്തൊക്കെ ഒരുപാട് നഷ്ടങ്ങളുണ്ടാകുന്ന സ്ഥലമാണ് എന്റെ മണ്ഡലമായ അന്തിക്കാട് മേഖല. അവിടെയുള്ള തീരപ്രദേശങ്ങൾ ബണ്ട് കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ പായൽ, കുളവാഴ മുതലായവയുടെ ആധിക്യം മൂലം മത്സ്യബന്ധനം നടത്താനോ യാനങ്ങൾക്ക് സഞ്ചരിക്കാനോ കഴിയുന്നില്ല. മുൻ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന വകുപ്പ് കുട്ടനാട് പാക്കേജുമായി ബന്ധപ്പെടുത്തി ഫിർമ മുഖേന പായൽ വാരുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. ഇപ്പോൾ ഫിർമയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ നടപടി പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. പായൽ യഥാസമയം നീക്കുന്നതിനും തീരപ്രദേശങ്ങൾ ബണ്ട് കെട്ടി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; ശ്രീ. ടി. എൻ. പ്രതാപൻ സൂചിപ്പിച്ചതുപോലെ, നേരത്തെ മത്സ്യത്തൊഴിലാളികൾക്ക് ചീനവലകളുടെയും ഊന്നി വലകളുടെയും വിലയായി വളരെ തുച്ഛമായ സംഖ്യയാണ് നഷ്ടപരിഹാരമായി കൊടുത്തിരുന്നത്. നേരത്തെ ചർച്ച നടത്തിയതിന്റെയടിസ്ഥാനത്തിൽ അവർക്ക് ആ

തുക വർദ്ധിപ്പിച്ച് കൊടുക്കാമെന്നുള്ള ധാരണയിൽ എത്തിയിരുന്നു. അത്തരത്തിലുള്ള എന്തെങ്കിലും നടപടികൾകൂടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച വിഷയങ്ങൾ ദേശീയ ജലപാതയിൽപ്പെട്ട ഭാഗങ്ങളാണ്. പാർശ്വഭിത്തി സംരക്ഷണം ഈ സ്കീമിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമാണ്. അത് കൂടുതലായി ചെയ്യേണ്ട സ്ഥലങ്ങളുണ്ടെങ്കിൽ അതുംകൂടി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താം. ലൈസൻസുള്ള ചീന വലകൾക്ക് രണ്ടര ലക്ഷം രൂപയും ലൈസൻസ് ഇല്ലാത്തതിന് ഒന്നേകാൽ ലക്ഷം രൂപയുമാക്കിയിട്ടുണ്ട്. അതിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ബാക്കിയുള്ള തുകയുംകൂടി എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുന്നതാണ്. പായൽ വാരുന്ന കാര്യങ്ങൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റെ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് ചെയ്യുന്നത്. ഇക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കനോലി കനാൽ കടന്നുപോകുന്നത് താനൂർ നിയോജകമണ്ഡലത്തിലൂടെയാണ്. ഏറ്റവും കൂടുതൽ ജനസാന്ദ്രത കൂടിയ ആ പ്രദേശത്ത് ഏകദേശം രണ്ടുകിലോമീറ്റർ ദൂരത്തോളം പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ അതിന്റെ ഗുണഫലം കണ്ടിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലൊക്കെ കുടിവെള്ളമായിരുന്ന

തീരപ്രദേശത്ത് ഏറ്റവും വലിയ വിഷയം. കുടിവെള്ളം ആകെ മഞ്ഞ നിറം വന്ന് മലീമസമായിരുന്നു. ഈ കനാലിന്റെ പ്രവൃത്തി പൂർത്തീകരിച്ചതോടുകൂടി പരിസരപ്രദേശത്തുള്ള കുടിവെള്ളം കൂടി വളരെയേറെ നന്നായിരിക്കുകയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ വന്ന് ഈ സ്ഥലം കാണുകയും അവിടത്തെ ജനങ്ങളുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തതാണ്. എന്നുമാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ താനൂരിലെ കനോലി കനാലിനെ പൂർണ്ണമായും ഒരു ടൂറിസം സർക്യൂട്ട് എന്ന രീതിയിൽത്തന്നെ വികസിപ്പിക്കാൻ കഴിയുംവിധം അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതുമാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുകൂടി ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, കനോലി കനാലിന്റെ രണ്ടുകിലോമീറ്റർ ഭാഗം പ്രവൃത്തി നടത്തിയപ്പോൾ വലിയ വ്യത്യാസമാണ് ആ മേഖലയിലുണ്ടായത്. ബാക്കിയുള്ള ഭാഗത്തുംകൂടി എസ്റ്റിമേറ്റ് തയ്യാറാക്കി, അതിനുള്ള പണികൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കനോലി കനാലിന്റെ ഇരുകരകളിലും വൻതോതിലുള്ള കയ്യേറ്റങ്ങൾ നടക്കുന്നുണ്ട്. അത് പുന:സ്ഥാപിക്കുന്നതിനുവേണ്ടി

സർവ്വേ നടത്തിയും കനോലി കനാലിന്റെ വീതിയും സർക്കാരിന്റെ ഭൂമിയും പുഴയോരവും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കടൽത്തീരത്ത് വൻതോതിലുള്ള കടൽക്ഷോഭം മൂലം ഭിത്തികൾ തകർന്ന് നൂറുകണക്കിന് വീടുകളാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഒരു പൈസപോലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈയിലില്ല. വീട് സംരക്ഷിക്കാനാവശ്യമായ എസ്റ്റിമേറ്റ് കൊടുക്കുകയും അതുപോലും അനുവദിക്കപ്പെട്ടിട്ടില്ല. തീരപ്രദേശത്തെ എം.എൽ.എ.മാരും അവിടത്തെ പഞ്ചായത്തുകളും വലിയ ദുരിതത്തിലാണ്. അവിടെയുള്ള ജനങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇതിനായി ഒരു തുകയും അനുവദിക്കാതെ, പ്രസംഗിച്ചതുകൊണ്ട് മാത്രം കാര്യമില്ല. അതുകൊണ്ട് ഇറിഗേഷൻ വകുപ്പുമന്ത്രിയെന്ന നിലയിൽ അവരെ സംരക്ഷിക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, കനോലി കനാൽ വീണ്ടും പുനരുദ്ധരിക്കണം. കയ്യേറ്റങ്ങൾ ഒഴിവാക്കണമെന്നുള്ളത് നിരന്തരമായിട്ടുള്ളൊരു ആവശ്യമാണ്. അതിനാവശ്യമായ സർവ്വേ നടത്തി നടപടി സ്വീകരിക്കുന്നതാണ്. കടൽക്ഷോഭവുമായി ബന്ധമില്ലാത്ത ചോദ്യമാണ് അദ്ദേഹം ചോദിച്ചത്.

അക്കാര്യത്തിലും പ്രത്യേകമായ ശ്രദ്ധകൊടുക്കുന്നതാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, സംസ്ഥാനത്ത് ദേശീയ ജലപാത കടന്നുപോകുന്ന എല്ലാ നദികളും കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും നദികൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്സിനുവേണ്ടി ചെലവാക്കുന്ന തുകയിൽനിന്നും കേന്ദ്രസർക്കാരിന്റെ വിഹിതം ലഭിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പ്രൊപ്പോസൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ദേശീയ ജലപാത എന്നുള്ള പ്രഖ്യാപനം വന്നിട്ടുണ്ട്. അക്കാര്യത്തിന് വിശദമായ പഠനമൊന്നും നടന്നിട്ടില്ല. കോവളം മുതൽ നീലേശ്വരം വരെയുള്ള ഭാഗം ദേശീയ ജലപാതയാക്കണമെന്നുള്ളതിനാണ് സംസ്ഥാന സർക്കാർ ആദ്യ പ്രയോറിറ്റി കൊടുക്കുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, മണ്ണ് നീക്കം ചെയ്യുന്നതിനെത്തുടർന്ന് ഇരുകരകളിലുമുണ്ടാകുന്ന കരയിടിച്ചിൽ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല എന്നതിനെ സംബന്ധിച്ച് വലിയ പരാതി കണ്ണൂർ മുതൽ നീലേശ്വരം വരെയുള്ള മേഖലകളിൽ ശക്തിയായി ഉയർന്നുവന്നിട്ടുണ്ട്. മറ്റ് പ്രധാനപ്പെട്ട വിഷയം, റോഡ്പാലങ്ങളും റെയിൽപ്പാലങ്ങളുമുൾപ്പെടെ മൂന്നുനാല്

പാലങ്ങളെങ്കിലും ഇതുവഴി കടന്നുപോകുന്നുണ്ട്. അതിന്റെ ഉയരം ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ; പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽപ്പെട്ട ഒരു പാലത്തിന്റെ കാര്യം പ്രത്യേകമായ ശ്രദ്ധ കൊടുത്തിട്ടുണ്ട്. ദേശീയ ജലപാതയായി വരുന്ന ഭാഗത്ത് ഒരു നിശ്ചിത ഉയരം പാലത്തിനുവേണമെന്നുള്ള നിബന്ധനയുണ്ട്. അത് പാലിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, ദേശീയ ജലപാത നവീകരിക്കുന്നതിന്റെ ഭാഗമായി വർക്കല കനാലും തുരങ്കവും നവീകരിക്കുന്നതിനുവേണ്ടിയുള്ള ടെണ്ടർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. ടെണ്ടർ എടുത്ത പലരും ആ പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചുപോയി. നൂറും ആയിരവും ലോഡ് മണൽ എടുത്തതിനുശേഷം പണി ഉപേക്ഷിച്ചു പോകുകയാണുണ്ടായത്. ഇപ്പോൾ ഇതിനുള്ള പുതിയ ടെണ്ടർ നിലവിൽ വന്നിട്ടുണ്ട്. മണ്ണ് എടുക്കുന്നത് സംബന്ധിച്ച്

ജനങ്ങൾക്കിടയിൽ ആശങ്ക നിലനിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യം പരിഗണിച്ച് സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനും കൃത്യമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാനും വകുപ്പുതല നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇതിനുവേണ്ടി വീണ്ടും 27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മണൽ വാരികൊണ്ട് പോകുന്നത് മാത്രമായി നടത്താതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. പണികൾ മോണിറ്റർ ചെയ്യാനുള്ള പ്രത്യേക സംവിധാനവുമുണ്ടാകുന്നതാണ്.

## കുടിവെള്ളം ശുദ്ധീകരിക്കാൻ സംവിധാനം

(*62) ശ്രീ. എം.എ. ബേബി:
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ:
ശ്രീ. ബി. സത്യൻ:
ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നിവാസികൾക്ക് ശുദ്ധീകരിക്കാത്ത ജലമാണ് കഴിഞ്ഞ രണ്ടുവർഷമായി നൽകുന്നതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തകരാറിലായ ശുദ്ധീകരണ പ്ലാന്റിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) കുടിവെള്ള ശുദ്ധീകരണത്തിനായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ഡി) മലിനജലം വിതരണം ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വകുപ്പിന്റെ ഇത്തരം പ്രശ്നങ്ങൾ അന്വേഷിക്കാൻ തയ്യാറാകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ,

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ വിവിധ വാർഡുകളിൽ ആകെ വിതരണം ചെയ്യുന്ന 289 എം.എൽ.ഡി.-യിൽ 44 എം.എൽ.ഡി. ആധുനിക രീതിയിൽ പൾസേറ്റർ ടെക്നോളജി ഉപയോഗിച്ചും 210 എം.എൽ.ഡി. (72+86+36+16) കൺവെൻഷണൽ രീതിയിലും ശുദ്ധീകരിച്ചാണ് വിതരണം നടത്തുന്നത്. 5 എം.എൽ.ഡി. മാത്രമാണ് ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ഫിൽറ്റർ ചെയ്തതിനുശേഷം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കി വിതരണം ചെയ്യുന്നത്. മേൽപ്പറഞ്ഞ 5 എം.എൽ.ഡി. ഒഴിച്ചുള്ള 284 എം.എൽ.ഡി.- യിൽ 212 എം.എൽ.ഡി.-യും 12 മാസവും പൂർണ്ണമായി ശുദ്ധീകരിച്ചാണ് നൽകുന്നത്. എന്നാൽ അരുവിക്കരയിലെ 72 എം.എൽ.ഡി. പ്ലാന്റിൽ നിന്നും ഫെബ്രുവരി മുതൽ മെയ് വരെ വിതരണം ചെയ്യുന്ന ജലത്തിന് ശുദ്ധീകരണശാലയുടെ കാര്യക്ഷമതക്കുറവ് മൂലം ഗുണനിലവാരക്കുറവ് സംഭവിക്കാറുണ്ട്. എന്നിരുന്നാലും നിലവിലെ സംവിധാനങ്ങൾ

പരമാവധി പ്രയോജനപ്പെടുത്തി ശുദ്ധീകരിച്ച ജലമാണ് വിതരണം ചെയ്യുന്നത്. ജൈക്ക പദ്ധതിയുടെ ഭാഗമായി ഈ ശുദ്ധീകരണശാലയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും ഈ പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. നേമം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ തൃക്കണ്ണാപുരം പമ്പ്ഹൗസ് വഴി വിതരണം ചെയ്യുന്ന മേൽപ്പറഞ്ഞ 5 എം.എൽ.ഡി. ജലം, തിരുവനന്തപുരം കോർപ്പറേഷനു കീഴിലെ തന്നെ നേമം, പൊന്നുമംഗലം, പാപ്പനംകോട് എസ്റ്റേറ്റ് എന്നീ വാർഡുകളിലും കല്ലിയൂർ പഞ്ചായത്തിലെ നാലു വാർഡുകളിലും പള്ളിച്ചൽ പഞ്ചായത്തിലെ ഒരു വാർഡിൽ ഭാഗികമായും ആണ് വിതരണം ചെയ്യുന്നത്. ഈ പദ്ധതിയുടെ സ്രോതസ്സ് കരമനയാറാണ്. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയായി സ്ഥാപിച്ചതിനാൽ പ്രാഥമിക ട്രീറ്റ്മെന്റായ ഇൻഫിൽട്രേഷൻ ഗ്യാലറിയും അണുനശീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ വഴിയുള്ള ക്ലോറിനേഷനും മാത്രമാണ് ഈ പദ്ധതിയിലുള്ളത്. ഈ ജലം അണുവിമുക്തമാണെങ്കിലും പൂർണ്ണതോതിൽ ശുദ്ധീകരിച്ചതല്ല. ഇത് ചില അവസരങ്ങളിൽ പൊതുജനങ്ങളുടെ പരാതിക്ക് ഇട വരുത്തുന്നു. ഇതിന് പരിഹാരമായി ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി, കരമന ശാസ്ത്രി നഗർ മുതൽ നേമം പ്രാവച്ചമ്പലം വരെ 5.7 കി.മീ. ദൈർഘ്യത്തിൽ 500 എം.എം. മുതൽ 300 എം.എം. വരെയുള്ള ഡി.ഐ.

പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പണി നടന്നുവരുന്നു. ഇതിൽ 2 കിലോമീറ്ററോളം പണികൾ പുരോഗമിക്കുന്നു. പ്രസ്തുത പൈപ്പ് ലൈൻ ജിക്കാ ലൈനുമായി കൂട്ടിയോജിപ്പിച്ച് മേൽപ്പറഞ്ഞ പ്രദേശങ്ങളിലും കൂടി പൂർണ്ണമായി ശുദ്ധീകരിച്ച ജലം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) അരുവിക്കരയിലെ 72 എം.എൽ.ഡി. പ്ലാന്റിന് കാലപ്പഴക്കം മൂലം കാര്യക്ഷമത കുറഞ്ഞതിനാൽ ജൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. വെള്ളയമ്പലത്തെ 36 എം.എൽ.ഡി. പ്ലാന്റിനും കാലപ്പഴക്കം മൂലം കാര്യക്ഷമത കുറയാൻ സാധ്യത കാണുന്നതിനാൽ ഈ പ്ലാന്റിന്റെ പുനരുദ്ധാരണം കൂടി മേൽപ്പറഞ്ഞ ജൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഏകദേശം 50 ശതമാനം പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. ആവശ്യമായ യന്ത്രസാമഗ്രികൾ ഏറെയും എത്തിച്ചിട്ടുണ്ട്. മറ്റുപണികൾ നടന്നു വരുന്നു.

(സി) കുടിവെള്ള വിതരണത്തിനായി അരുവിക്കരയിൽ കരമന ആറിന് സമീപത്തായി ജപ്പാൻ ബാങ്കിന്റെ ധനസഹായത്തോടെ ആധുനിക സജ്ജീകരണങ്ങളാൽ നിർമ്മിച്ചിട്ടുള്ള 74 എം.എൽ.ഡി. പ്ലാന്റിൽ പൾസേറ്റർ ടെക്നോളജി ഉപയോഗിച്ച് ജലം ശുദ്ധീകരിക്കുന്നു. ഇതിനുപുറമെ കൺവെൻഷണൽ

രീതിയിൽ ശുദ്ധീകരണം നടത്തുന്ന (അതായത് എയ്റേഷൻ, സെഡിമെന്റേഷൻ, ഫ്ളോക്കുലേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ തുടങ്ങിയ പ്രക്രിയകൾ) 86, 72 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലകളും പി.റ്റി.പി. നഗറിലെ 16 എം.എൽ.ഡി. വെള്ളയമ്പലത്തുള്ള 36 എം.എൽ.ഡി. കൺവെൻഷണൽ ശുദ്ധീകരണശാലകളും നിലവിലുണ്ട്. തൃക്കണ്ണാപുരത്ത് ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ജലം ഫിൽട്ടർ ചെയ്ത് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തുന്നു. മേൽപ്പറഞ്ഞ വിവിധ സംവിധാനങ്ങളിലൂടെ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്തുവരുന്നു.

(ഡി) മലിനജലം വിതരണം ചെയ്തു എന്ന നിഗമനം ശരിയല്ല.

<u>ശ്രീ. എം. എ. ബേബി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ അരുവിക്കരയിലെ 72 എം.എൽ.ഡി. പ്ലാന്റിൽ നിന്നും ഫെബ്രുവരി മുതൽ മെയ് മാസം വരെ വിതരണം ചെയ്യുന്ന ജലത്തിന് ശുദ്ധീകരണശാലയുടെ കാര്യക്ഷമത കുറവുമൂലം ഗുണനിലവാരകുറവ് സംഭവിക്കാറുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ശുദ്ധീകരണശാലയുടെ ഗുണനിലവാര കുറവാണോ, പൊതു സംവിധാനത്തിന്റെ ഗുണനിലവാരക്കുറവ് അരുവിക്കരയിലുണ്ടോ തുടങ്ങിയ കാര്യങ്ങൾ നമുക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയുമെന്ന് തോന്നുന്നു. കേരളത്തിലും ഇന്ത്യയിലും വിതരണം

ചെയ്യുന്ന ജലത്തിലെ മാലിന്യത്തെക്കുറിച്ച് ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ പുറത്തു വന്നിട്ടുണ്ട് എന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഇന്ത്യയിൽ 34% മാലിന്യമുള്ള ജലം വിതരണം ചെയ്യുന്ന സംസ്ഥാനം കേരളമാണെന്നാണ് 2013 - ൽ നടത്തിയ പഠനത്തിൽ പറയുന്നത്. അതിന്റെ പ്രശ്നം കൂടി തിരുവനന്തപുരത്തെ ഈ ജലവിതരണത്തിലെ മാലിന്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ട് ഞാൻ ആദ്യം ചോദിക്കുന്നത്, മാലിന്യം വെള്ളത്തിൽ നിന്നും നീക്കം ചെയ്ത് ശുദ്ധജലം ജനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ടി കേരളത്തിലെ 44 നദികളേയും ശുദ്ധജലതടാകങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കുമോ; ഇന്ത്യയിൽ ഏറ്റവും കൂടുതൽ മലിനജലം വിതരണം ചെയ്യുന്ന സംസ്ഥാനമാണ് കേരളമെന്നുള്ള ദുഷ്പേര് ഒഴിവാക്കാൻ സമഗ്രമായ ഒരു പദ്ധതി വിഭാവനം ചെയ്യുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോൾ ഏറ്റവും അത്യാധുനിക രീതിയായ പൾസേറ്റർ ടെക്നോളജി ഉപയോഗിച്ചിട്ടുള്ളതാണ്. പുതുതായിട്ടുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകളൊക്കെ ഏറ്റവും നല്ല നിലയിലാണ് തീർത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ പഴയ വാട്ടർ സപ്ലൈ സ്കീമുകളിൽ ഇനിയും ആധുനീകവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. തലസ്ഥാനത്തെ 72 എം.എൽ.ഡി. പ്ലാന്റിൽ

കൺവെൻഷണൽ ടെക്നോളജിയാണ് ഉപയോഗിച്ചിരിക്കുന്നത്. കാലപഴക്കം ചെല്ലുമ്പോൾ അതിന്റെ കാര്യക്ഷമത കുറയും. അതുകൊണ്ട് അത് റീഹാബിലിറ്റേറ്റ് ചെയ്യാനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. അടുത്ത മാർച്ച് മാസത്തോടുകൂടി അത് പൂർത്തിയാകും. മറ്റു മൊത്തത്തിലുള്ള വിഷയങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീ. എം. എ. ബേബി: സർ, തിരുവനന്തപുരം നഗരത്തിൽ പാപ്പനംകോട് ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ ജലവിതരണം മൂന്നാഴ്ചയായി മുടങ്ങി അത് പുനഃസ്ഥാപിച്ചിട്ടില്ല എന്ന വാർത്ത ഇന്നത്തെ പത്രത്തിൽ ഉണ്ട്. അതുപോലെ കൈമനത്ത് കുടിവെള്ളവിതരണം നിലച്ചിട്ട് ഒരാഴ്ചയായി. ഇതുപോലുള്ള ഒരുപാടുപ്രശ്നങ്ങൾ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും ഓരോരുത്തരുടേയും മണ്ഡലത്തിലുമുണ്ട്. ജലവിഭവ വകുപ്പ് ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. പല പദ്ധതികളും സമയബന്ധിതമായി കമ്മീഷൻ ചെയ്യുന്നില്ല. ഞങ്ങൾക്ക് കിട്ടേണ്ട കമ്മീഷൻ കിട്ടിയാലേ പദ്ധതി കമ്മീഷൻ ചെയ്യുകയുള്ളൂ എന്ന നിലപാട് ചിലരെങ്കിലും എടുക്കുന്നുണ്ട്. ജലവിഭവ വകുപ്പുമന്ത്രി ഊർജ്ജസ്വലനായി ഇതിൽ ഇടപ്പെട്ടിട്ട് സമയബന്ധിതമായി ഇതിനെല്ലാം പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, പൈപ്പ് പൊട്ടുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ കുറെയുണ്ട്. അരുവിക്കരയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള വലിയൊരു പൈപ്പ് ലൈൻ മാറ്റിയപ്പോൾ ആ പ്രദേശത്തെ പ്രശ്നം ഒഴിവായെങ്കിലും, ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ മുൻപ് ഇട്ടതിന്റെ ഫലമായിട്ടാണ് ഈ പ്രശ്നങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നത്. അത് പരിഹരിക്കുന്നതിന് ഘട്ടംഘട്ടമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഇനി ഇടുന്ന പൈപ്പുകൾ ഗുണനിലവാരമുള്ളത് ആയിരിക്കണമെന്നുള്ള പ്രത്യേകമായൊരു പൈപ്പ് പോളിസി തന്നെ വാട്ടർ അതോറിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വലിയ മാറ്റം ഈ സംവിധാനത്തിൽ ഉണ്ടാകുന്നതാണ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, ശുദ്ധജലം എന്നതിന്റെ നിർവ്വചനം എന്താണെന്നറിയണം. മലിനജലത്തിൽ ക്ലോറിൻ കലർത്തി ഫിൽറ്റർ ചെയ്ത് വിതരണം ചെയ്താൽ ശുദ്ധജലമാകുമോ; കരമനയാറിലേയും അരുവിക്കരയാറിലേയും മലിനജലം ഫിൽറ്റൽ ചെയ്ത് ക്ലോറിൻ ചേർത്താണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. ജലം ശുദ്ധീകരിക്കുന്ന പ്ലാന്റ് സ്ഥാപിച്ച് തിരുവനന്തപുരം നഗരത്തിലെ മുഴുവൻ ജലവിതരണവും ശുദ്ധജലമാക്കുവാനുള്ള നടപടി സ്വീകരിക്കാമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, നേമം, പൊന്നുമംഗലം, പാപ്പനംകോട് എന്നീ പ്രദേശങ്ങളിലുള്ള 5 എം.എൽ.ഡി. പ്ലാന്റിനെ സംബന്ധിച്ചാണ് ശ്രീ കോലിയക്കോട് പറഞ്ഞത്. അവിടെയുള്ള 5 എം.എൽ.ഡി. പ്ലാന്റിൽ നിന്നും ഇപ്പോൾ 2.5 എം.എൽ.ഡി.യേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അവിടെ ക്ലോറിനേറ്റ് ചെയ്ത് അണുവിമുക്തമാക്കിയാണ് കൊടുക്കുന്നത്. അത് തൃപ്തികരമല്ലായെന്നുള്ളതുകൊണ്ട് അത് നവീകരിക്കാൻ പുതിയൊരു പൈപ്പ് ലൈൻ വലിച്ച് ജിക്കാ ലൈനുമായി കൂട്ടിയോജിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അതിൽ 5.7 കി.മീറ്ററിൽ 2 കി.മീ. പൈപ്പ് ഇട്ടുകഴിഞ്ഞു. ബാക്കിയുള്ളതും കൂടെ പൂർത്തിയാക്കി ജിക്കാ ലൈനിൽ നിന്നും കണക്ഷൻ കൊടുത്ത് ഇപ്പോഴുള്ള ഈ സംവിധാനം മാറ്റുന്നതാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, നഗരത്തിൽ കുടിവെള്ളം മുടങ്ങുമ്പോഴും പൈപ്പ് ലൈൻ പൊട്ടുമ്പോഴും പമ്പ് കേടാകുമ്പോഴും പത്രവാർത്തയും മറ്റും ഉണ്ടാകുന്നതിനെ തുടർന്ന് അടിയന്തിരമായി ഉദ്ധാരണപണികൾ ചെയ്യാറുണ്ട്. ഗ്രാമപ്രദേശത്തെ കുടിവെള്ള പദ്ധതിയുടെ അവസ്ഥ വളരെ ദയനീയമാണ്. ഏതാണ്ട് പത്ത് -അൻപത് വർഷങ്ങൾക്കുമുൻപ് തുടങ്ങിയ പദ്ധതികളാണ്. എന്നാൽ എല്ലാ പഞ്ചായത്തികളിലും ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം ഇതുവരെ ആയിട്ടില്ല. ആറ്റിങ്ങൽ

കേന്ദ്രീകരിച്ചുള്ള ഒരു കുടിവെള്ള പദ്ധതിയിലൂടെയാണ് ആറ്റിങ്ങൽ, വർക്കല വരുന്ന ഭാഗങ്ങളിലെ ഭാഗീകമായിട്ടുള്ള പഞ്ചായത്തുകൾക്കും ആറ്റിങ്ങൽ പട്ടണത്തും കുടിവെള്ളം കൊടുക്കുന്നത്. അവിടെ ദിവസങ്ങളോളം ഒരു പമ്പ് കേടായതിനെ തുടർന്ന് കുടിവെള്ളം കൊടുക്കാൻ കഴിയാതെ വന്നു. തിരുവനന്തപുരം നഗരത്തിൽ ആറ് ഏഴ് ദിവസം കുടിവെള്ളം കിട്ടാതിരുന്നാൽ എന്തായിരിക്കും സ്ഥിതി? ഒരു പമ്പ് കേടായി കഴിഞ്ഞാൽ മറ്റൊരു പമ്പ് ആൾട്ടർനേറ്റീവായി ഉപയോഗിക്കാൻ ഇല്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ഒരു പമ്പിന്റെ വില തന്നെ ഏതാണ്ട് അൻപത് അറുപത് ലക്ഷം രൂപയാകുമെന്നാണ് പറയുന്നത്. എന്നുമാത്രമല്ല പമ്പ് കേടായിക്കഴിഞ്ഞാൽ നന്നാക്കാനുള്ള ആളുകൾ പോലും നമ്മുടെ കൂടെയില്ല. അങ്ങനെയുള്ള ദയനീയ സ്ഥിതി നേരിടുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ശരിയായ രീതിയിലുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഉപയോഗിച്ച് ശുചീകരിച്ച് കുടിവെള്ളം കൊടുക്കാൻ കഴിയാത്ത അവസ്ഥ വന്നുചേർന്നിരിക്കുന്നു. അതുകൊണ്ട് ജൻറം പോലുള്ള വിവിധ പദ്ധതികൾ ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ നിന്നും കേന്ദ്ര ഗ്രാമീണ മേഖലയിലേയും കുടിവെള്ള പദ്ധതിയുടെ ഫണ്ട് പ്രയോജനപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഇന്ന് നിലനിൽക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം പ്ലാന്റുകൾ നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ; ഇപ്പോഴുള്ള

പമ്പുകൾ കേടായി കഴിഞ്ഞാൽ പകരമൊരു സംവിധാനം ഉണ്ടാക്കാനുള്ള കാര്യം ചെയ്യുമോ; കുടിവെള്ളം ലഭ്യമാക്കാൻ കഴിയാതെ നിൽക്കുന്ന പഞ്ചായത്തുകളിലെ രൂക്ഷമായിട്ടുള്ള കുടിവെള്ളപ്രശ്നം പരിഹരിക്കാൻ നിലവിലുള്ള പദ്ധതികൾ വൈവിധ്യവൽക്കരിച്ച് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് നല്ല പ്രാധാന്യമാണ് കൊടുത്തിരിക്കുന്നത്. ധാരാളം പദ്ധതികൾ ഏറ്റെടുത്ത് കഴിഞ്ഞിരിക്കുന്നു. സബ്സ്റ്റിറ്റ്യൂട്ട് പമ്പ് തീർച്ചയായും ഏർപ്പെടുത്തണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. അതിനുള്ള പദ്ധതികൾ നബാർഡിന് സമർപ്പിച്ചു, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രദേശത്തെ പ്രശ്നം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. സാജു പോൾ: സർ, തിരുവനന്തപുരത്തുകാർ മാത്രമല്ല, കേരളീയരാകെ മലിനജലം കുടിച്ച് രോഗികളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പൈപ്പ് പൊട്ടുന്നതും പട്ടി കടിക്കുന്നതും വാർത്തയല്ലാതായിരിക്കുന്നു. നമ്മുടെ ജലസ്രോതസുകളിലാണ് മാംസാവശിഷ്ടങ്ങളും മാരകമായ രാസപദാർത്ഥങ്ങളും നിക്ഷേപിച്ചുകൊണ്ടിരിക്കുന്നത്. പർവതനിരയുടെ പനിനീരായ പെരിയാർ ഇന്ന്

വിഷനീരായി മാറിക്കഴിഞ്ഞു. കുടിവെള്ളം കൊണ്ടുപോകുന്ന ടാങ്കർ ലോറികളിൽത്തന്നെയാണ് മാലിന്യങ്ങളും കൊണ്ടുപോകുന്നത്. നഗരങ്ങളിൽ സ്വിവറേജ് സിസ്റ്റം ഇല്ല. വാട്ടർ അതോറിറ്റി മുമ്പ് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയായിരുന്നു. ഓടകളിലെ മലിനജലം മിക്സ് ചെയ്താണ് ഉത്തേജക പാനീയമായി വാട്ടർ അതോറിറ്റി പൈപ്പുകൾ വഴി വിതരണം ചെയ്യുന്നത്. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രി സമഗ്രമായി പഠിച്ച് ഒരു ജലനയം കേരളത്തിൽ നടപ്പാക്കാനും അതോടൊപ്പം ജലസ്രോതസുകൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കുമോ; ഒരു റിവർ അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ മുമ്പ് ഈ സഭയിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്, റിവർ അതോറിറ്റി രൂപീകരിച്ച് പെരിയാറിനെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ കുറ്റമറ്റതാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അത്യാധുനിക ട്രീറ്റ്മെന്റ് പ്ലാന്റുകളാണ് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകമായ പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ ഇടപെട്ട് അത് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. പെരിയാർ മാത്രമല്ല, നമ്മുടെ നദികളൊക്കെ മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനെതിരെ വലിയ

ബോധവൽക്കരണം ആവശ്യമാണ്. തീർച്ചയായും ഇത് സംബന്ധിച്ച് പ്രത്യേകമായ ആലോചനകളും ചർച്ചകളും നടത്തുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കുടിവെള്ളത്തിന്റെ കാര്യം പറയുമ്പോൾ കാസർഗോഡിനെക്കുറിച്ച് പറഞ്ഞില്ലെങ്കിൽ ഈ ചോദ്യത്തിനുതന്നെ പ്രസക്തിയില്ലാതായിപ്പോകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ നന്നായി അറിയാം. ഇപ്പോൾ എല്ലായിടത്തും കോരിചൊരിയുന്ന മഴയാണ്. ഈയിടെ കാസർഗോഡിനെക്കുറിച്ച് പത്രത്തിൽ വന്ന വാർത്തയുടെ തലക്കെട്ട് 'പെരുമഴ പക്ഷേ കുടിക്കാൻ വെള്ളമില്ല' എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ താല്പര്യമെടുത്ത് കാസർഗോഡിന്റെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻവേണ്ടി പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. രണ്ടുവർഷം മുമ്പാണ് നാല് പമ്പ് വാങ്ങാൻവേണ്ടി 73 ലക്ഷം രൂപ അനുവദിച്ചത്. പുതിയ പമ്പ് വാങ്ങിയിട്ടും കാര്യങ്ങൾ പഴയതുപോലെതന്നെയാണ്. കാസർഗോഡ് നഗരത്തിൽ തുടർച്ചയായി എട്ട് ദിവസം വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. ഇതിന് ശാശ്വതമായ പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ വാങ്ങിയ പുതിയ പമ്പ് പോലും പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയാണുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, കാസർഗോഡിന്റെ പ്രത്യേകത

പരിഗണിച്ചുകൊണ്ട് അവിടെ പുതിയതായി വാങ്ങിയ നാല് പമ്പുകളുടെ കാര്യക്ഷമത സംബന്ധിച്ച് പ്രത്യേകം അന്വേഷിക്കുന്നതാണ്. കാസർഗോഡുള്ള ഏറ്റവും വലിയ പ്രശ്നം അവിടെ ഉപ്പുവെള്ളം കയറുന്നു എന്നതാണ്. ബാവിക്കര പ്രോജക്ടാണ് അതിനുവേണ്ടി ഏറ്റെടുത്തിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായി, അതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. ആ പണികൾ വളരെ വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതിന്റെ ടെക്നിക്കൽ സാങ്ഷൻ ഏതാനും ദിവസത്തിനുള്ളിൽ നൽകുന്നതാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകളിലെയും ചേർത്തല മുനിസിപ്പിലാറ്റിയിലെയും ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കാൻ വേണ്ടിയുള്ള വലിയ പദ്ധതിയാണ് 450 കോടി രൂപ മുതൽമുടക്കുള്ള ജപ്പാൻ കുടിവെള്ള പദ്ധതി. ഈ പദ്ധതി കമ്മീഷൻ ചെയ്ത് നാല് വർഷം പിന്നിട്ടിട്ടും ഇതുവരെ ജനങ്ങൾക്ക് ജലം ലഭ്യമാക്കാൻ കഴിയുന്നില്ല. 60 കോടിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നബാർഡിന്റെ സഹായത്തോടെ ചെയ്യുമെന്ന് ഉറപ്പ് പറഞ്ഞിട്ടും ഇതുവരെ അതിന്റെ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. നിരന്തരമായ പൈപ്പ് പൊട്ടൽ കാരണം വെള്ളം തന്നെ

ചേർത്തലയിലേയ്ക്ക് എത്താത്ത സ്ഥിതിയിൽ വല്ലാത്ത പ്രതിസന്ധിയാണ് ഇതുമൂലമുണ്ടാകുന്നത്. ഈ പദ്ധതിക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്ന പൈപ്പ് ഉപയോഗപ്രദമല്ല എന്ന് ഇതിനകം തന്നെ ബോധ്യപ്പെട്ടുകഴിഞ്ഞു. ആ പൈപ്പ് കംപ്ലീറ്റായി റീപ്ലെയ്സ് ചെയ്ത് ഗുണമേന്മയുള്ള പൈപ്പ് പകരം സ്ഥാപിച്ചാൽ മാത്രമേ 450 കോടി രൂപയുടെ പദ്ധതിയായ ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തുവെങ്കിലും ജനങ്ങൾക്ക് അനുഭവവേദ്യമാകുകയുള്ളൂ. അതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയേണ്ടതുണ്ട്. ഈ വിഷയത്തിൽ ജനങ്ങളാകെ വല്ലാത്തൊരു ആശങ്കയിലാണ്. വർഷങ്ങളോളം കാത്തിരുന്ന് ലഭിച്ച ഈ പദ്ധതി ജനങ്ങൾക്ക് യാതൊരു ഉപയോഗവുമില്ലാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരുന്നു. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മറവൻതുരുത്തിൽ പൈപ്പ് ലൈൻ പൊട്ടുന്നതാണ് ചേർത്തല വാട്ടർ സപ്ലൈയിൽ ഏറ്റവും പ്രതിബന്ധമായി നിൽക്കുന്ന കാര്യം. മറവൻതുരുത്തിലെ ഈ വിഷയം എം.എൽ.എ.-ക്ക് അറിയാം, പലപ്രാവശ്യം ഇത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുള്ളതാണ്. അവിടെ പമ്പിംഗ് ശരിയാകാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഫുൾ കപ്പാസിറ്റി പമ്പ് ചെയ്യാൻ

കഴിയാത്തതാണ്. മറവൻതുരുത്തിലെ പൈപ്പ് ലൈൻ മാറ്റുക എന്നതാണ് ഏറ്റവും പ്രധാനം. 60 കോടി രൂപയുടെ പദ്ധതി ഏറ്റവും വേഗത്തിൽ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചേർത്തലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പ്രയോറിറ്റി കൊടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, തിരുവനന്തപുരം നഗരത്തിൽ ജൈക്ക പദ്ധതി പ്രകാരം സ്ഥാപിച്ച മിക്ക പൈപ്പ് ലൈനുകളും വാട്ടർ അതോറിറ്റിയുടെ മെയിൻ ലൈനുമായി ഇതുവരെ ഇന്റർകണക്ട് ചെയ്തിട്ടില്ല. ഇതിന്റെ പരിണിതഫലമായി കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിച്ച പൈപ്പ് ലൈനുകൾ വെറുതെ കിടക്കുകയാണ്. ഒരു ഭാഗത്ത് കുടിവെള്ളം കിട്ടാതെ ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ ജൈക്ക അനുസരിച്ച് പൂർത്തീകരിച്ച ലൈനുകൾ ഒന്നും ഇന്റർകണക്ട് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ, അതുപോലെ പഴയ പൈപ്പുകൾ ഇപ്പോൾ നിരന്തരം പൊട്ടിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കോടിക്കണിക്കിനുരൂപ ചെലവഴിച്ച് നിർമ്മിച്ച പലറോഡുകളും നിരന്തരമായ പൈപ്പ് പൊട്ടൽ കാരണം തകർന്നുകൊണ്ടിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. ജെ. ജോസഫ്: സർ, ജൈക്കയും ജൻറവുമായി ചില കോ-ഓർഡിനേഷൻസ് നടക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഗുണനിലവാരമില്ലാത്ത പൈപ്പ് ഇട്ടതിന്റെ ഫലമായി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ വലിയ തോതിൽ ഇൻവെസ്റ്റ്മെന്റ് ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പൈപ്പ് ലൈനുകൾ റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ടി ഒരു വർഷം 100 കോടി രൂപയോളം മാറ്റിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്, ഇതിനേക്കാൾ കൂടുതൽ തുക ആവശ്യമാണ്. വലിയ രീതിയിലുള്ള റീപ്ലെയ്സ്മെന്റ് നടപടികൾ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതാണ്.

ശ്രീമതി ജമീലാ പ്രകാശം: സർ, എല്ലാ വർഷവും മുടങ്ങാതെ ജലജന്യരോഗങ്ങൾ ആക്രമിക്കുന്ന ഒരു നിയോജകമണ്ഡലമാണ് എന്റേത്. ഇതിന് പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, കോട്ടുകാൽ വലിയതോടിൽനിന്നും കരിച്ചൽ കായലിൽനിന്നുമൊക്കെയുള്ള വെള്ളമാണ് ബ്ലീച്ചിംഗ് പൗഡർ കലക്കി ട്രീറ്റ്മെന്റ് ചെയ്ത് ശുദ്ധീകരിച്ച ജലമായി പൊതുജനങ്ങൾക്ക് കുടിക്കാനും കുളിക്കാനും ഭക്ഷണം പാചകം ചെയ്യാനുമായി

നൽകിക്കൊണ്ടിരിക്കുന്നത്. ഇതിന് മാറ്റം വന്നാൽ മാത്രമേ കോളറ, മലേറിയ ഡെങ്കിപ്പനി, ടൈഫോയ്ഡ് തുടങ്ങിയ ജലജന്യ രോഗങ്ങളിൽനിന്നും ജനങ്ങൾക്ക് രക്ഷനേടാൻ കഴിയൂ എന്ന് നിരവധി പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആധുനിക ശാസ്ത്രം സംഭാവന ചെയ്തിട്ടുള്ള ശുദ്ധീകരണ യന്ത്രങ്ങളായ മൈക്രോഫിൽറ്റർ പോലുള്ള വളരെയധികം സംവിധാനങ്ങളുണ്ട്. പൊതുജനങ്ങളുടെ ആരോഗ്യസംരക്ഷണം കണക്കിലെടുത്ത് ഈ യന്ത്രങ്ങൾ സ്ഥാപിച്ച് ജലം ശുദ്ധീകരിക്കാൻ അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നാണ് അറിയേണ്ടത്?

ശ്രീ. പി. ജെ. ജോസഫ്: സർ, കുറെ ശുദ്ധജലവിതരണ പദ്ധതികളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കേണ്ടതായിട്ടുണ്ട്. ഈ പ്രദേശത്തെ വിഷയം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

മി.സ്പീക്കർ: ചോദ്യം നമ്പർ *63 & *67 എന്നിവ ക്ലബ് ചെയ്യാവുന്നതാണ്.

## ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

(*63) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. ഹംസ:
ശ്രീ. കെ.കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം എന്തൊക്കെയായിരുന്നെന്ന് അറിയിക്കുമോ; ഇതിൽ കേന്ദ്ര സഹായത്തോടെയും അല്ലാതെയും ചെയ്തവ പ്രത്യേകം അറിയിക്കുമോ;

(ബി) ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുകൊണ്ടും ഡോക്ടറുമാരുടെ അഭാവം കൊണ്ടും ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തതിനാലും രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തു പദ്ധതിയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ,

(എ) പദ്ധതി/പദ്ധതിയേതര വിഹിതം, എം.എൽ.എ/എം.പി. മാരുടെ ആസ്തിവികസന ഫണ്ട്, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ടുകളുപയോഗിച്ചും സർക്കാർ ആശുപത്രികൾ, പി.എച്ച്.സി. കൾ, സി.എച്ച്.സി. കൾ എന്നിവയുടെ കെട്ടിടം, ക്വാർട്ടേഴ്സ്, ലാബ് എക്സ്റേ യൂണിറ്റ്, ഡയാലിസിസ്

യൂണിറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായഞ്ചായത്തുകൾക്കും കൈമാറിയ സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഇവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും ഇതര ഫണ്ടുകളും വഴിയാണ് മുഖ്യമായും നടന്നുവരുന്നത്.

നാഷണൽ ഹെൽത്ത് മിഷന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇതുവരെ 249 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ലാബുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നാഷണൽ ഹെൽത്ത് മിഷൻ സ്വീകരിച്ചിട്ടുണ്ട്. അതിൽ 100-ഓളം ലാബുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ട്.

കേന്ദ്രഗവൺമെന്റ് 2013-ൽ ആവിഷ്കരിച്ച ദേശീയ നഗര ആരോഗ്യ ദൗത്യം (എൻ.യു.എച്ച്.എം.) -ത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 66 പുതിയ നഗര ആരോഗ്യ കേന്ദ്രങ്ങൾ (അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മൂലവും

മരുന്ന് ലഭ്യമല്ലാത്തതിനാലും ഡോക്ടർമാരുടെ അഭാവം മൂലവും രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം നിലവിലില്ല. എന്നാൽ ചില സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും താൽക്കാലികമായും ഡോക്ടർമാരെ നിയമിച്ച് ഈ കുറവ് പരിഹരിച്ചു വരുന്നുണ്ട്.

(സി) സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മേജർ കൺസ്ട്രക്ഷൻ വർക്സ്
2. ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ
3. ആസ്തി നവീകരണ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കൽ
5. മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കൽ
6. ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ
7. ട്രോമോകെയർ സെന്ററുകൾ സ്ഥാപിക്കൽ
8. സീവേജ് ട്രീറ്റ്മെന്റ്/ബയോമെഡിക്കൽ പ്ലാന്റുകൾ സ്ഥാപിക്കൽ
9. ബഹുമാനപ്പെട്ട എം.എൽ.എ./എം.പി.-മാരുടെ ആസ്തി വികസന

ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

10. പദ്ധതിയേതര ഫണ്ടുപയോഗിച്ചുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

11. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

12. ആശുപത്രികളുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ (എൻ.എ.ബി.എച്ച്.കെ.എ.എസ്.എച്ച്, അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ)

## അത്യാവശ്യ മരുന്നുകളുടെ അഭാവം

(*67) ശ്രീ. മാത്യു റ്റി തോമസ്:
ശ്രീമതി ജമീല പ്രകാശം:
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ.സി.കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകാനുള്ള മരുന്നുകൾ പോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2014-2015 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ്

നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ,

(എ) ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അവശ്യമരുന്നുകളും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2014-2015 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 242 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 301 കോടി രൂപയുടെ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികളിൽ 2014-2015 സാമ്പത്തിക വർഷം വിതരണം ചെയ്തു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉള്ള വാർഷിക ഇൻഡന്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്രോഡീകരിച്ച് ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണശാലകളിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകി വരുന്നു. ഏതെങ്കിലും മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആയവ ആശുപതി

മേധാവികൾ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ലോക്കൽ പർച്ചേസ് ചെയ്ത് ദൗർലഭ്യം പരിഹരിക്കുന്നുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇന്ന് ആരോഗ്യ മേഖലയിൽ വലിയതോതിൽ ഭീഷണിവരുത്തിക്കൊണ്ടാണ് പകർച്ചവ്യാധികൾ വ്യാപിച്ചിട്ടുള്ളത്. സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലവും മരുന്ന് ലഭ്യമല്ലാത്തതിനാലും ഡോക്ടർമാരുടെ അഭാവം മൂലവും രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നില്ല എന്ന മറുപടിയാണ് മന്ത്രി പറഞ്ഞത്. പക്ഷേ, ഉദ്യോഗസ്ഥർ തയ്യാറാക്കി തന്നിട്ടുള്ള ഈ റിപ്പോർട്ട് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട് കൊട്ടാരക്കര മണ്ഡലത്തിൽ ഞാൻ റിവ്യൂ മീറ്റിംഗ് നടത്തിയപ്പോൾ ഡെങ്കിപ്പനിയും ക്ഷയരോഗവും കൂടാതെ ഈ സമൂഹത്തിൽ നിന്ന് മാറിയെന്ന് വിചാരിച്ച മറ്റ് പല പകർച്ച വ്യാധികളും കഴിഞ്ഞ വർഷത്തേക്കാൾ വലിയതോതിൽ വർദ്ധിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ടാണ് എല്ലാ എച്ച്.ഐ. മാരും അവിടെ വച്ചിട്ടുള്ളത്. ഇത് വളരെ ഗൗരവമായി കാണണം. ഇപ്പോൾതന്നെ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് തീർച്ചയായുമുണ്ട്. കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ക്യാഷ്വാലിറ്റി എം.ഒ. ലീവിൽ പോയിരിക്കുകയാണ്. കൺസൾട്ടൻസായി ഒരു

ഓർത്തോ സ്പെഷ്യലിസ്റ്റും ഇ.എൻ.റ്റി. സ്പെഷ്യലിസ്റ്റും കഴിഞ്ഞ മാർച്ചിലും മെയിലുമായി റിട്ടയർചെയ്തു. പകരം ഡോക്ടർമാർ എത്തിയിട്ടില്ല. അതുപോലെ എൻ.ആർ.എച്ച്.എം. -ന്റെ 4 ഡോക്ടർമാരുള്ളതിൽ ഒരാൾ മാത്രമേ ഇപ്പോഴുള്ളൂ. പനിയും മറ്റുള്ള അസുഖങ്ങളുമായി ഒരു ദിവസം രണ്ടായിരത്തി മുന്നൂറിലധികം ഒ.പി.യും അവിടെ വരുന്നുണ്ട്. അതുപോലെ മരുന്നില്ല, മരുന്ന് കൊടുക്കാൻ ഫാർമസിസ്റ്റില്ലാത്ത പ്രശ്നവുമുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നെടുമൻകാവിലെ ഒരു ഫാർമസിസ്റ്റിനെ അവിടെയും ഇവിടെയുമായി വച്ച് രണ്ടിടത്തും മരുന്നുകൊടുക്കാൻപോലും കഴിയാത്ത അവസ്ഥയുണ്ട് . ഇതിന് പരിഹാരം ഉണ്ടാക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഡോക്ടർമാരുടെ അഭാവമുണ്ടെന്ന് പറയുന്നതിൽ, നമ്മുടെ മെഡിക്കൽ സർവ്വീസിൽ ടോട്ടലായി 5345 ഡോക്ടർമാരാണുള്ളത്. അസിസ്റ്റന്റ് സർജ്ജൻമാരുടെ 236 ഒഴിവുകളും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ 410 ഒഴിവുകളുമുണ്ട്. അതിൽ 646 ഒഴിവുകളാണ് ഇപ്പോൾ 5345 ഡോക്ടർമാരിലുള്ളത്. അതിൽ 646 ഒഴിവുകളുള്ളതിൽ എൻ. ആർ. എച്ച്.എം. മുഖേന 796 ഡോക്ടർമാരെ കൂടുതലായി നിയമിച്ചിട്ടുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും 165 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അങ്ങനെ 646 ഡോക്ടർമാരുടെ

ഒഴിവുകളാണ് ഉള്ളതെങ്കിലും ഇപ്പോൾ ആ വേക്കൻസി ഉൾപ്പെടെ 961 ഡോക്ടർമാരെ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത്തിനേക്കാൾ കൂടുതലായി നിയമിച്ചിട്ടുണ്ട്. നിലവിലുള്ള തസ്തികകൾക്കുപരിയായി 315 അധിക ഡോക്ടർമാരിന്ന് ജോലി ചെയ്യുന്നു. ഡോക്ടർമാർ വന്ന് ജോയിന്റ് ചെയ്തിട്ട് ലീവെടുത്ത് പോയാൽ ആ വേക്കൻസി ഒഴിഞ്ഞുകിടക്കുമെന്നതാണ് ചില സ്ഥലങ്ങളിലുള്ള പ്രശ്നം. അവിടെ പോസ്റ്റ് ചെയ്യാൻ കഴിയില്ല. അങ്ങനെയുള്ള സാഹചര്യങ്ങളുണ്ട്. അത് പരിഹരിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ ജൂലൈ മാസത്തിൽ 173 ഡോക്ടർമാർ പി.ജി കഴിഞ്ഞ് വരുന്നുണ്ട്. അപ്പോൾ അവർ എത്തിച്ചേരുമ്പോൾ ജൂലൈ മാസത്തിൽത്തന്നെ ആ ഒഴിവുകൾ നികത്താൻ സാധിക്കും. കൊട്ടാരക്കരയിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവ് നികത്താൻ സാധിക്കുമെന്നാണ് കരുതുന്നത്. അതുപോലെതന്നെ ജൂലൈ 4 -ന് പി.എസ്.സി. തന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കൗൺസിലിംഗ് വച്ചിട്ടുണ്ട്. 47 ഡോക്ടർമാരെ അതിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പിന്നെ 279 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഓപ്ഷൻ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻമാരായിട്ടാണ് സർവ്വീസിൽ എടുക്കുന്നത്. അതിൽ പി.ജി. യുള്ള ഡോക്ടർമാരെ ഓപ്ഷൻ വാങ്ങി സ്പെഷ്യലിസ്റ്റ്

ഡോക്ടർമാരായി നിയമിക്കും. അപ്പോൾ സ്പെഷ്യലിറ്റ് ഡോക്ടർമാരുടെ ഒഴിവുകളും നമുക്ക് പരിഹരിക്കാൻ കഴിയും. മരുന്നിന്റെ കാര്യത്തിൽ, കേരളത്തിൽ ഏത് ആശുപത്രിയിലാണ് മരുന്ന് ലഭ്യമല്ലാത്തെതന്ന് അറിയിച്ചാൽ തീർച്ചയായും അവിടെ മരുന്ന് എത്തിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മാർച്ച് മാസത്തിൽ തന്നെ വിലയിരുത്തിക്കൊണ്ട് 30 കോടി രൂപയ്ക്ക് പകർച്ചപ്പനിക്കാവശ്യമായിട്ടുള്ള 206 ഐറ്റം മരുന്നുകൾ കേരളത്തിലെ എല്ലാ ആശുപത്രികളിലും ആവശ്യത്തിലധികമായി ലഭ്യമാക്കിയിട്ടുണ്ട്. എച്ച്1 എൻ1 പനിക്കുവേണ്ടിയുള്ള മരുന്നിന് വേണ്ടി ഏഴരക്കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതുപോലെതന്നെ ഡങ്കി ഫിവറിന് വേണ്ടിയുള്ള മരുന്നുകൾ മാറ്റിവച്ചിട്ടുണ്ട്. ആവശ്യമായിട്ടുള്ള മരുന്നുകൾ അതിന് എത്തിച്ചിട്ടുണ്ട്. എവിടെയെങ്കിലും കുറവുണ്ടെങ്കിൽ അത് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എച്ച്1 എൻ1 ന് വേണ്ടി 3,95,000 ഒസൾട്ടാമിവർ ക്യാപ്സ്യൂൾസ് എത്തിച്ചിട്ടുണ്ട്. അതുപോലെതന്നെ മറ്റ് രോഗങ്ങൾക്ക് വേണ്ടിയുള്ള എല്ലാ മരുന്നുകളും എത്തിച്ചിട്ടുണ്ട്. ഏത് ഹോസ്പിറ്റലിലാണ് മരുന്ന് ലഭ്യമല്ലാ എന്ന് അറിയിച്ചാൽ തീർച്ചയായിട്ടും അവിടെ എത്തിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കും. ഗോഡൗണുകളിൽ ആവശ്യമായിട്ടുള്ള മരുന്നുകൾ

സജ്ജമാക്കിയിട്ടുമുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, മരുന്ന് കിട്ടുന്നില്ലായെന്ന് പറഞ്ഞത് സത്യം തന്നെയാണ്. ഫാർമസിസ്റ്റ് ഇല്ലാത്തതുകൊണ്ട് അടച്ചുപൂട്ടിയിട്ടിട്ട് രോഗികൾ അവിടെ നിൽക്കുന്ന സ്ഥിതിയാണ് ഞാൻ റിവ്യൂ മീറ്റിംഗിന് ചെന്നപ്പോൾ കണ്ടത്. ട്രോമോ കെയർ സെന്റർ സ്ഥാപിക്കുമെന്ന് പറഞ്ഞത്, കൊട്ടാരക്കരയിൽ NH റോഡും MC റോഡും സന്ധിക്കുന്ന സ്ഥലത്തുതന്നെ സ്ഥാപിക്കണം. താലൂക്കാശുപത്രിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവധിച്ച പണം ഉപയോഗിച്ച് നാല് വർഷം മുമ്പ് ട്രോമോ കെയർ കെട്ടിടം പൂർത്തീകരിച്ചു കഴിഞ്ഞു. അതിനാവശ്യമായ എക്യുപ്മെന്റ്സെല്ലാം തരാമെന്ന് പറഞ്ഞിരുന്നു. പക്ഷേ, നാളിതുവരെ എത്തിയിട്ടില്ലാത്തൊരു സ്ഥിതിയുണ്ട്. അത് പ്രവർത്തന സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുമോ? അതുപോലെ കാരുണ്യയുടെ 6 ഡയാലിസിസ് യൂണിറ്റ് അവിടെ അനുവദിച്ചു. അതിനുവേണ്ട എ.എസ്. എല്ലാം കൊടുത്തിട്ടും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്സിനെയാണ് അത് ഏൽപ്പിച്ചിരിക്കുന്നതെന്ന് പറഞ്ഞു. അവരത് ഇതുവരെ നടപ്പാക്കിയിട്ടില്ല എന്നുള്ള കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് അവരിൽനിന്നും മാറ്റി വേഗത്തിൽ പണി തീർക്കുന്ന ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ച് നിലവാരമുള്ള തരത്തിൽ കാരുണ്യ

ഡയാലിസിസ് യൂണിറ്റുകൾ എന്റെ മണ്ഡലത്തിലുള്ള കൊട്ടാരക്കര താലൂക്കാശുപത്രിയിലുൾപ്പെടെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 27 ആശുപത്രികളിലാണ് കാരുണ്യാ ബെനവലന്റ് ഫണ്ടിലൂടെ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കോഴിക്കോട് ഒരു ഹോസ്പിറ്റലിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ബാക്കിയുള്ളത് നടന്നുകൊണ്ടിരിക്കുകയാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അതുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. പല ഹോസ്പിറ്റലുകളിലും ഇതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ആരംഭിക്കുന്നതിന് മുറികൾ കിട്ടാത്തതിന്റെ കാലതാമസമാണുണ്ടാകുന്നത്. അതനുസരിച്ചുള്ള നടപടികൾ ആരംഭിക്കുകയാണ്. കേരളത്തിൽ 27 ട്രോമോ കെയർ യൂണിറ്റുകൾ ആരംഭിക്കന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയുമായും എം.സി. റോഡുമായും ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 24 ഹോസ്പിറ്റലുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. തീർച്ചയായും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, തീരപ്രദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കാലവർഷം ആരംഭിച്ചതോടുകൂടി ആതുര സേവനം അന്യമായ ഒന്നായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സ്റ്റാഫ് പാറ്റേണിന്റെ റിക്വയർമെന്റ് നോക്കുമ്പോൾ ഗവൺമെന്റ് ദശാബ്ദങ്ങളായി തുടരുന്ന ഒരു സിസ്റ്റമാണ് ഇപ്പോൾ ഫോളോചെയ്യുന്നത്. ദശകങ്ങൾക്ക് മുമ്പ് നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേണാണ് ഇപ്പോളുള്ളത്. ജനസംഖ്യ വർദ്ധിച്ചു, ആവശ്യകത വർദ്ധിച്ചു. അതിന്റെ റിക്വയർമെന്റ് അനുസരിച്ച് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല. അത്തരം കാര്യംകൂടി പരിഗണനയ്ക്കിട്ടുകൊണ്ട് പരിശോധന നടത്താനും അതേ അവസരത്തിൽ തീരപ്രദേശത്ത്.......... തീരപ്രദേശത്തെ കാര്യം ഞാൻ പറയുന്നത്, എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ നിന്ന് പലരും വിളിച്ചിരുന്നു. എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇന്നലെ 522 പേർ ഒ.പി. -യിൽ ഉണ്ടായിരുന്നു. അവിടെ ഒരു ഡോക്ടറാണ് ഉണ്ടായിരുന്നത്. അപ്പോൾ ഡോക്ടർമാരുടെ ദാരിദ്ര്യവും ഉണ്ടെന്നുള്ളത് ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞത് സ്ഥിരീകരിക്കപ്പെടുന്നതാണ്. ഇത്തരം കാര്യങ്ങൾക്ക് കൂടി പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 1961-ലെ സ്റ്റാഫ് പാറ്റേണാണ്

സംസ്ഥാനത്ത് നിലവിലുള്ളത്. പക്ഷേ, ഈ ഗവൺമെന്റ് ഘട്ടം ഘട്ടമായി അത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഡി.എച്ച്.എസ്.-ന്റെ കീഴിൽ 2224 പോസ്റ്റുകൾ ഈ ഗവൺമെന്റ് ക്രിയേറ്റ് ചെയ്തു. മെഡിക്കൽ കോളേജുകളിൽ 1588 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അങ്ങനെ ഹോമിയോ, ആയുർവേദം തുടങ്ങിയ എല്ലാ വകുപ്പുകളിലുമായി 4688 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു ആശുപത്രിയിൽ അന്ന് വന്നിരുന്ന രോഗികളുടെ എണ്ണം പത്തോ അമ്പതോ ഉണ്ടായിരുന്നത് ഇപ്പോൾ ഇരുന്നൂറോ മുന്നൂറോ ആയി വർദ്ധിച്ചിരിക്കുന്നു. പ്രത്യേകിച്ച് പകർച്ചവ്യാധികൾ പടർന്നു പിടിച്ചിട്ടുള്ള കാലഘട്ടമായതുകൊണ്ട് തീർച്ചയായും ഗവൺമെന്റ് അതിനുവേണ്ട നടപടികൾ ഘട്ടം ഘട്ടമായി ആലോചിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)